(ഡി) പരിശോധനയിൽ താഴെപ്പറയുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

1. സ്റ്റോക്കിൽ എ.പി.എൽ. പച്ചരി - 385 കി.ഗ്രാം, ബി.പി.എൽ. പുഴുക്കലരി - 538 കി.ഗ്രാം, എ.എ.വൈ. പുഴുക്കലരി - 369 കി.ഗ്രാം എന്നിവ കുറവു കണ്ടു.

2. എ.പി.എൽ. ഗോതമ്പ് 90 കി.ഗ്രാം, ബി.പി.എൽ. ഗോതമ്പ് 71 കി.ഗ്രാം എന്നിവ കുറവ് കണ്ടു.

3. പഞ്ചസാരയുടെ സ്റ്റോക്കിൽ 3.400 കി.ഗ്രാം കുറവ് കണ്ടു.

4. അന്നപൂർണ്ണ അരിയുടെ സ്റ്റോക്കിൽ 10 കി.ഗ്രാം കുറവ് കണ്ടു.

5. അഡ്ഹോക്ക് അലോട്ട്മെന്റ് പുഴുക്കലരി 635 കി.ഗ്രാം കുറവ് കണ്ടു.

6. അഡ്ഹോക്ക് അലോട്ട്മെന്റ് ഗോതമ്പ് 800 കി.ഗ്രാം കുറവ് കണ്ടു.

7. എ.പി.എൽ. (എസ്.എസ്.) പുഴുക്കലരി 360 കി.ഗ്രാം കുറവ് കണ്ടു.

8. എ.പി.എൽ. (എസ്.എസ്.) ഗോതമ്പ് 77 കി.ഗ്രാം കുറവ് കണ്ടു.

9. 29-6-2010-ലെ വിൽപ്പന സംക്ഷിപ്തം എഴുതിയിട്ടില്ല.

10. 30-6-2010-ന് വിൽപ്പന ഒന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.

മേൽ കൊടുത്തിരിക്കുന്ന പ്രകാരം 2297 കി.ഗ്രാം അരി, 1038 കി.ഗ്രാം ഗോതമ്പ്, 3.400 കി.ഗ്രാം പഞ്ചസാര എന്നിവ ദുരുപയോഗം ചെയ്തതായി കണ്ടെത്തി.

(ഇ) പ്രസ്തുത കടയുടമയുടെ അംഗീകാരം 1-7-2010-ന് അന്വേഷണ വിധേയമായി തടഞ്ഞുവച്ചിരിക്കുകയാണ്. ഇത് സംബന്ധിച്ച് തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

തൃക്കരിപ്പൂരിലെ വലിയപറമ്പിൽ പൊതുവിതരണ കേന്ദ്രം

74 (4425) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയ പറമ്പ് നിവാസികൾക്ക് പൊതുവിതരണ കേന്ദ്രം അപ്രാപ്യമാകുന്നതിന്റെ കാരണമെന്തെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

തൃക്കരിപ്പൂർ മണ്ഡലത്തിലെ വലിയപറമ്പു ഗ്രാമപഞ്ചായത്തിലെ 2300-ഓളം കാർഡുടമകളിൽ 2000-ത്തോളം കാർഡുടമകൾ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 6 പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നാണ് റേഷൻ വിഹിതം വാങ്ങിവരുന്നത്. അവശേഷിക്കുന്ന 300 കാർഡുടമകൾ തൃക്കരിപ്പൂർ

LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമപഞ്ചായത്തിലെ 2 പൊതുവിതരണ കേന്ദ്രങ്ങളിൽനിന്നുമാണ് റേഷൻ വാങ്ങി വരുന്നത്. പ്രസ്തുത കാർഡുടമകൾക്ക് വലിയപറമ്പു ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടയിൽ എത്തിപ്പെടാൻ ജലമാർഗ്ഗം യാത്ര ചെയ്യേണ്ടതുണ്ട്. അതേസമയം അവർ ഇപ്പോൾ റേഷൻ സാധനങ്ങൾ വാങ്ങിവരുന്ന തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിൽ റോഡുമാർഗ്ഗം എത്തിപ്പെടാമെന്നതിന് പുറമേ 2 കിലോമീറ്റർ താഴയേ അകലവുമുള്ളൂ. വിലയപറമ്പു ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന റേഷൻ കടയിലേയ്ക്ക് എത്തുന്നതിന് ഒരു കാർഡുടമയും നിലവിൽ 3 കിലോമീറ്ററിലധികം യാത്ര ചെയ്യേണ്ടതില്ല. വലിയപറമ്പു ദ്വീപിന്റെ ഏറ്റവും തെക്കേ അറ്റമായ കന്നുവീട് കടപ്പുറത്ത് താമസിക്കുന്ന കാർഡുടമകൾക്ക് ഏറ്റവും അടുത്തുള്ള 79-ാം നമ്പർ റേഷൻ കടയിൽ എത്തിപ്പെടാൻ 2.3 കിലോ മീറ്ററിനുള്ളിൽ യാത്ര ചെയ്യേണ്ടതുണ്ട്. ദ്വീപിന്റെ തെക്കേ അറ്റം ജനവാസം തീരെ കുറവാണ്. കൂടാതെ 79-ാം നമ്പർ റേഷൻ ഡിപ്പോയിൽ നിലവിൽ 312 റേഷൻ കാർഡുകൾ മാത്രമേ രജിസ്റ്റർ ചെയ്തിട്ടുള്ളൂ. ചുരുക്കത്തിൽ 24 കിലോമീറ്റർ നീളത്തിൽ സ്ഥിതി ചെയ്യുന്നതും 3 പൊതുവിതരണ കേന്ദ്രങ്ങളിലേക്ക് മാത്രം റോഡ് സൗകര്യം ലഭ്യമായതുമായ ഒരു ദ്വീപ് എന്ന പരിമിതിക്കുള്ളിൽ വലിയ പറമ്പു ദ്വീപ് നിവാസികൾക്ക് പൊതുവിതരണ കേന്ദ്രങ്ങൾ അപ്രാപ്യമാണെന്ന് പറയുവാൻ കഴിയുകയില്ല.

സപ്ലൈകോ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മപദ്ധതികൾ

75 (4426) ശ്രീ റോഷി അഗസ്റ്റിൻ :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2009-10 വർഷത്തെ സപ്ലൈകോയുടെ വിറ്റുവരവ് എത്രയാണ് ;

(ബി) ഇതിലൂടെ എത്ര തുകയുടെ ലാഭമാണ് സപ്ലൈകോ കൈവരിച്ചത് ;

(സി) 2006-07 മുതൽ കഴിഞ്ഞ സാമ്പത്തിക വർഷം വരെയുള്ള വിറ്റുവരവും ലാഭവും എത്രവീതമെന്ന് അറിയിക്കുമോ ;

(ഡി) ആയതിന്റെ അടിസ്ഥാനത്തിൽ ഉപഭോക്താക്കൾക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ ലഭിച്ചുവോ ; വിശദാംശങ്ങൾ നൽകുമോ ;

(ഇ) നടപ്പു സാമ്പത്തിക വർഷം സപ്ലൈകോ നടപ്പാക്കാനുദ്ദേശിക്കുന്ന കർമ്മ പദ്ധതികൾ എന്തെല്ലാമാണ് ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) 2284 കോടി രൂപയാണ് മൊത്തം വിറ്റുവരവ്.

(ബി) 2009-10-ൽ 27.25 കോടി രൂപയുടെ ലാഭം ഉണ്ടായി. (പ്രാഥമിക നിഗമനം)

LIBRARY ARCHIVES Kerala Legislative Assembly